(2) 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരനടപടികളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

സ്പീക്കർ : 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

(ഭേദഗതിയില്ല).

മി. സ്പീക്കർ : പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളം വച്ച് മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

**അറിയിപ്പുവന്ന പ്രശ്നങ്ങൾ**

IV. അനുമതി നിഷേധിച്ചവ :

I. തിരുവനന്തപുരം, കമലേശ്വരം സോണി നിവാസിൽ സോണിലാലിന്റെ മരണം സംബന്ധിച്ച 1-07-2008-ലെ 1448, 25-11-2008-ലെ 792 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് നൽകിയ മറുപടി പരസ്പര വിരുദ്ധമാണെന്നാരോപിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. എ. വാഹീദ് നൽകിയ അവകാശലംഘന നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. നിയമസഭാ ചോദ്യത്തിന് ഉത്തരം തയ്യാറാക്കിയത് പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും മൃതശരീരം കണ്ടെത്തിയ സ്ഥലത്തിന് 1448-ാം നമ്പർ ചോദ്യത്തിനും 792-ാം നമ്പർ ചോദ്യത്തിനും നൽകിയ മറുപടി വ്യത്യാസമല്ലെന്നും വിശദീകരണത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അതുമായി ബന്ധപ്പെട്ട ചോദ്യത്തിന് മറുപടി നൽകിയതെന്നും യഥാസ്ഥാനത്ത് ഒരു കോമ ഇടാൻ വിട്ടുപോയതുകൊണ്ടാണ് സോണിലാൽ കൂട്ടുകാരോടൊപ്പം മദ്യപിക്കാൻ പോയതായി വ്യാഖ്യാനിക്കാൻ ഇടയായതെന്നും, അല്ലാതെ ഏതെങ്കിലും തരത്തിൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശമില്ലായിരുന്നുവെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

2. 2010 മാർച്ച് 31-ന് നിയമസഭയിൽ ചോദ്യോത്തരവേളയിൽ നക്ഷത്രചിഹ്നമിട്ട 626-ാം നമ്പർ ചോദ്യത്തിന് ഉത്തരം പറയവെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിലെ വേതനം 100 രൂപയായി കുറയ്ക്കുവാൻ കേന്ദ്രം നിർദ്ദേശം നൽകിയെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly